## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.274* 23.03.15-ൽ മറുപടി പറയേണ്ടത്

### ഗ്രാമവികസനത്തിനായി നടപ്പാക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.സി.രവീന്ദ്രനാഥ്<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ.കെ.സി.ജോസഫ്<br>(ബഹു:ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും, നോർക്കയും വകുപ്പുമന്ത്രി) |
| (എ) ഗ്രാമവികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് സി.&.എ.ജി.യുടെ 2014-ലെ അഞ്ചാം റിപ്പോർട്ടിലെ പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതുപോലെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന, എൻ.ആർ.എൽ.എം. എന്നീ പദ്ധതികളിൽ പണം ചെലവാക്കപ്പെടാതെ കിടക്കുന്നതിനുള്ള കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ; | (ബി) 2012-13 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചാർട്ടേട് അക്കൗണ്ടന്റ് ആഡിറ്റ് പ്രകാരം ഗ്രാമ-ബ്ലോക്ക്-ജില്ലാ-സംസ്ഥാനതലങ്ങളിൽ ചെലവഴിക്കപ്പെടാതെ അവശേഷിച്ച തുക 18.03 കോടി രൂപ മാത്രമാണ്. ടി സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 1311.178 കോടി രൂപയും സംസ്ഥാന വിഹിതമായി 21.02 കോടി രൂപയും ലഭിച്ചിരുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. ഈ നിലയ്ക്ക് ചെലവാക്കപ്പെടാതെയുള്ള 18.03 കോടി രൂപ തുടർന്ന് വർഷത്തിൽ വേതനമായി നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം മുതൽ അവിദഗ്ധ കായിക തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വേതന വിതരണം ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (ഇ-ഇഫ്.എം.എസ്) മുഖേന നടപ്പിലാക്കി തുടങ്ങി. പുതിയ വേതന വിതരണ സംവിധാനം 2013-14-ൽ അവലംബിച്ചതിലൂടെ സാമ്പത്തിക |

വർഷാവസാനം ചെലവിടാതെ അവശേഷിക്കുന്ന തുകയുടെ തോത് 13.26 കോടിയായി കുറയ്ക്കുവാൻ സാധിച്ചു.

2012-13 സാമ്പത്തിക വർഷത്തെ പുരോഗതി റിപ്പോർട്ടു പ്രകാരം ഐ.എ.വൈ.പദ്ധതിയിൽ 88.08 കോടി രൂപയാണ് ചെലവഴിക്കപ്പെടാത്തത്. എന്നാൽ ടി തുക 2013-14 സാമ്പത്തിക വർഷത്തെ നീക്കിയിരുപ്പ് തുകയായി കണക്കാക്കി ടി സാമ്പത്തിക വർഷം ചെലവഴിക്കുന്നതിനാൽ, തുക ചെലവാക്കപ്പെടാതെ കിടക്കുന്നില്ല. 2012-13 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 153.443 കോടി രൂപയും സംസ്ഥാന വിഹിതമായി 53.02 കോടി രൂപയും ലഭിച്ചിരുന്നു.

എൻ.ആർ.എൽ.എം. പദ്ധതി പണം ചെലവാക്കപ്പെടാതെ കിടക്കുന്നില്ല.

(സി) നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) അവലോകന യോഗം നടത്തിയിട്ടുണ്ട്. ഗ്രാമവികസന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ വയനാട് ഒഴികെയുള്ള ജില്ലകളിൽ ജില്ലാതല അവലോകന യോഗവും, ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗം സംസ്ഥാനതലത്തിലും നടത്തിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷാവസാനത്തെ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന തുക ഗണ്യമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഫണ്ട് ചെലവഴിക്കപ്പെടാത്തതായ മുൻസ്ഥിതിയിൽ നിന്നും ഗുണപരമായ മാറ്റം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം പദ്ധതിയിൽ ചെലവഴിക്കപ്പെടാതെ 18.03 കോടി രൂപ അവശേഷിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷം ചെലവഴിക്കപ്പെടാതെ അവശേഷിച്ച തുക 13.26 കോടിയായി ചുരുക്കി ഐ.എ.വൈ. പദ്ധതിയിൽ 2012-13 സാമ്പത്തിക വർഷം 88.08 കോടി രൂപയും, 2013-14 സാമ്പത്തിക വർഷം 117.65 കോടി രൂപയും ആണ് ചെലവഴിക്കപ്പെടാത്തത്. എന്നാൽ നടപ്പു സാമ്പത്തിക വർഷം 16.03.2015 വരെയുള്ള കണക്കു പ്രകാരം 69.15 കോടി രൂപ മാത്രമാണ്

ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നത്.

കുടുംബശ്രീ സംസ്ഥാനമിഷൻ സംഘടിപ്പിക്കുന്ന പ്രതിമാസ അവലോകന യോഗങ്ങളിലും ദേശീയ ഗ്രാമീണ മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ മിഷൻ മാനേജ്മെന്റ് യൂണിറ്റ് സമയാസമയങ്ങളിൽ നടത്തുന്ന അവലോകന യോഗങ്ങളിലും എൻ.ആർ.എൽ.എം. പദ്ധതിയുടെ ഭൗതിക സാമ്പത്തിക പുരോഗതി വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ഡി) ഫണ്ട് ചെലവഴിക്കപ്പെടാത്തതായ മുൻസ്ഥിതിയിൽ നിന്നും എന്തെങ്കിലും ഗുണപരമായ മാറ്റം ഇപ്പോൾ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ഡി) ഫണ്ട് ചെലവഴിക്കപ്പെടാത്തതായ മുൻ സ്ഥിതിയിൽ നിന്നും ഗുണപരമായ മാറ്റം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം പദ്ധതിയിൽ ചെലവഴിക്കപ്പെടാതെ 18.03 കോടി രൂപ അവശേഷിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷം ചെലവഴിക്കപ്പെടാതെ അവശേഷിച്ച തുക 13.26 കോടിയായി ചുരുക്കി. എൻ.ആർ.എൽ.എം. പദ്ധതിയിൽ ഫണ്ട് ചെലവഴിക്കപ്പെടാത്തതായ അവസ്ഥ ഇല്ല.

സെക്ഷൻ ഓഫീസർ